പദ്ധതി 2:— ദേശീയ പിന്നോക്ക വിഭാഗ വികസന ധനകാര്യ കോർപ്പറേഷന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കിയ ന്യൂ സ്വർണ്ണിമ പദ്ധതി. ഇതു പ്രകാരം മത്സ്യ ത്തൊഴിലാളി കുടുംബങ്ങളിലെ 294 വനിതകൾക്ക് 45.36 ലക്ഷം രൂപ വിവിധ തൊഴിൽ സംരംഭങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

പദ്ധതി 3:— വില കുറഞ്ഞ മത്സ്യത്തിൽ നിന്നും മൂല്യവർദ്ധിത ഉല്പന്ന ങ്ങൾ ഉല്പാദിപ്പിച്ച് വിപണനം ചെയ്യുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഗ്രാന്റായി നല്കിയിട്ടുള്ള 99.25 ലക്ഷം രൂപ വിനി യോഗിച്ച് വനിതാ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി 500 വനിതകൾക്ക് പരിശീലനം നല്കുകയും ഉല്പാദന യൂണിറ്റുകൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളികൾക്ക് ഓഫ് സീസണിൽ സാമ്പത്തിക സഹായം ലഭിക്കാൻ വേണ്ടി സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പാക്കിവരുന്നു. മത്സ്യത്തൊഴിലാളി സ്ത്രീകൾക്കുവേണ്ടി മത്സ്യം/കൊഞ്ച്/കണവ എന്നിവയിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിനും വിപണനത്തിനും വേണ്ടി സ്വർണ്ണ ജയന്തി, ഗ്രാമ സ്വരാസ്ഗാർ യോജന എന്ന 11,27,15,000 രൂപ അടങ്കൽ തുകയ്ക്കുള്ള പദ്ധതി നടപ്പാക്കി വരുന്നു.

ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് അവരെ സ്വയം തൊഴിൽ/മൈക്രോ സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിന് പ്രാപ്തരാക്കാനായി 99.83 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള പദ്ധതി നടപ്പാക്കിവരുന്നു.

(സി) 5794 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തു വാൻ സഹായം നല്കി.

മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കാൻ ധനസഹായം

147 [2584] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) 2004, 2005 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഭവനരഹിതരായ എത്ര മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിക്കാൻ സാമ്പത്തിക സഹായം നല്കി;

(ബി) ജില്ല തിരിച്ചുള്ള കണക്ക്, വെളിപ്പെടുത്തുമോ;

(സി) ഓരോരുത്തർക്കും വീടുവയ്ക്കാൻ എത്ര രൂപ വീതമാണ് സാമ്പത്തിക സഹായം നല്കിയത്;

(ഡി) മത്സ്യത്തൊഴിലാളികളുടെ വീടുകളുടെ അറ്റകുറ്റപ്പണി തീർക്കാൻ സാമ്പത്തിക് സഹായം നല്കുന്നതിനുള്ള പദ്ധതികൾ വല്ലതും നിലവിലുണ്ടോ; ഇല്ലെങ്കിൽ പുതിയ പദ്ധതിക്ക് രൂപം നല്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അപേക്ഷകരുടെ എണ്ണം കൂടുതലായാൽ അർഹരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്?

ഉത്തരം

(എ) 3000 പേർക്ക് (1500+1500).

(ബി) കണക്ക് ചുവടെ ചേർക്കുന്നു.

ജില്ല	2003-04	2004-05
തിരുവനന്തപുരം	320	304
കൊല്ലം	195	188
ആലപ്പുഴ	285	295
കോട്ടയം	50	43
എറണാകുളം	130	136
തൃശ്ശൂർ	75	73
മലപ്പുറം	165	178
കോഴിക്കോട്	145	153
കണ്ണൂർ	50	50
കാസർഗോഡ്	75	80
പത്തനംതിട്ട	10	..
ആകെ	1500	1500

(സി) കേന്ദ്ര ഗവൺമെന്റിന്റെ 50% ധനസഹായത്തോടെ 40,000 രൂപയാണ് ധനസഹായമായി നല്കിയത്.

(ഡി) കേന്ദ്ര സർക്കാരിൽ നിന്ന് അധിക സഹായമായി ലഭിച്ച 15 കോടി രൂപകൊണ്ടു തയാറാക്കുന്ന വീടും കുടിവെള്ളവും നല്കുന്ന പദ്ധതിയിൽ മത്സ്യത്തൊഴിലാളികളുടെ വീടുകളുടെ അറ്റകുറ്റപ്പണിക്കും തുക വകയിരുത്തിയിട്ടുണ്ട്.

(ഇ) ഓരോ വർഷവും അനുവദിക്കുന്ന ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഓരോ ജില്ലയിലും അനുവദിക്കാവുന്ന വീടുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നു. അതനുസരിച്ച് ജില്ലാ ഫിഷറീസ് ഡെപ്യൂട്ടി/അസിസ്റ്റന്റ് ഡയറക്ടർമാർ ഭവനനിർമ്മാണ ഗ്രാന്റിനുള്ള അപേക്ഷ ക്ഷണിക്കുകയും ലഭിച്ച അപേക്ഷകളിന്മേൽ മത്സ്യഭവൻ ആഫീസർ മുഖേന അന്വേഷണം നടത്തി യോഗ്യമായ അപേക്ഷ കണ്ടെത്തുകയും ചെയ്യുന്നു. ഒരോ ജില്ലയ്ക്കും അനുവദിച്ച യൂണിറ്റുകളേക്കാൾ കൂടുതൽ യോഗ്യതയുള്ള അപേക്ഷകൾ ലഭിക്കുകയാണെങ്കിൽ ഗുണഭോക്തൃ കമ്മിറ്റിയുടെ നേതൃത്വത്തിൽ നറുക്കെടുപ്പിലൂടെയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. 2004-05 സാമ്പത്തിക വർഷം

LIBRARY ARCHIVES Kerala Legislative Assembly

മുതൽ ഓരോ ജില്ലയ്ക്കും അനുവദിക്കുന്ന യൂണിറ്റുകളുടെ 10% സർക്കാരിന് വിവേചനാധികാരം ഉപയോഗിച്ച് തെരഞ്ഞെടുക്കാൻ നീക്കിവച്ചിട്ടുണ്ട്. ശേഷിക്കുന്ന 90% യൂണിറ്റുകൾക്കാണ് നറുക്കെടുപ്പിലൂടെയുള്ള തെരഞ്ഞെടുപ്പ് നടത്തുന്നത്.

ബേപ്പൂർ ഐസ് പ്ലാന്റ് പൊളിച്ചു മാറ്റാൻ നടപടി

148 [2587] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ ഫിഷിംഗ് ഹാർബറിലെ ഉപയോഗ്യമല്ലാത്ത ഐസ് പ്ലാന്റ് പൊളിച്ചുമാറ്റണമെന്ന തൊഴിലാളി സംഘടനകളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) ഐസ് പ്ലാന്റിന്റെ കാര്യത്തിൽ സർക്കാർ മുമ്പാകെ മറ്റെന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഐസ് പ്ലാന്റ് പൊളിച്ചുമാറ്റണമെന്ന ആവശ്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) യന്ത്ര സാമഗ്രികൾ ലേലം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) പരിഗണിക്കും.

മത്സ്യത്തൊഴിലാളികൾക്ക് ദുരിതാശ്വാസ സഹായം

149 [2589] ശ്രീ. യു. സി. രാമൻ :
,, കെ. എൻ. എ. ഖാദർ :
,, കളത്തിൽ അബ്ദുള്ള :
,, പി. കെ. കെ. ബാവ :
,, സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രകൃതിക്ഷോഭത്തിൽ കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളെ മൊത്തത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി പരിഗണിച്ച് സൗജന്യ റേഷൻ അനുവദിക്കുമോ?

ഉത്തരം

പ്രകൃതിക്ഷോഭം സ്ഥിരമായ പ്രതിഭാസമല്ല. ദുരന്തത്തിന്റെ തീവ്രത കണക്കിലെടുത്ത് കാലാകാലങ്ങളിൽ സൗജന്യ റേഷൻ നല്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly